ഗവൺമെന്റിനും മാനേജ്മെന്റിനും നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

(ബി) ചുമട്ടുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ മരണപ്പെട്ടാൽ ആശ്രിതർക്ക് പ്രസ്തുത തൊഴിൽ ലഭിക്കുന്ന വ്യവസ്ഥ കഴിഞ്ഞ കുറച്ചു കാലമായി കമ്പനി നടപ്പാക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആശ്രിത നിയമനം നടക്കാത്തതുകൊണ്ട് മരണപ്പെട്ട തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കോടതിയിൽ നിലനിൽക്കുന്ന ഒരു കേസിന്റെ കാര്യം പറഞ്ഞാണ് ഈ നിയമനങ്ങൾ നടക്കാത്തത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആശ്രിത നിയമനം ഉടനടി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ വേണ്ട നിർദ്ദേശം കമ്പനിക്ക് നൽകുമോ ?

ഉത്തരം

(എ) ടി.ടി.പി. യിൽ ചുമട്ടുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ കമ്പനി തൊഴിലാളികളായി അംഗീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിരുന്നു. ഇക്കാര്യം പരിശോധിച്ചശേഷം കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന 92 ചുമട്ടുതൊഴിലാളികളെ കമ്പനിയിൽ സ്ഥിരപ്പെടുത്തുവാൻ നിലവിലുള്ള നിയമന വ്യവസ്ഥകൾ പ്രകാരം നിർവ്വാഹമില്ലെന്ന് മറുപടി നൽകി.

(ബി-ഡി) 1978-ലെ ശ്രീ. പി. മാധവന്റെയും 1979-ലെ ശ്രീ. പി. എൻ. കൃഷ്ണപിള്ളയുടെയും അവാർഡിൽ ടി ചുമട്ടുതൊഴിലാളികളുടെ ആശ്രിതർക്ക് ടി തൊഴിൽ നൽകുന്ന വ്യവസ്ഥയുണ്ട്. 1995-വരെ ടി അവാർഡ് പ്രകാരം ടി തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. എന്നാൽ 1995-ൽ ബഹു. ഹൈക്കോടതി ഒ.പി. നമ്പർ 2203/95, 3122/95 എന്നീ രണ്ട് കേസ്സുകളിൽ ടി രണ്ട് അവാർഡുകൾ സ്റ്റേ ചെയ്തതിനാൽ അതിനുശേഷം ടി തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകിയിട്ടില്ല.

(ഇ) ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

ടെൽക്ക് ബി.ഐ.എഫ്. ആറിന് നൽകുന്ന പ്രൊപ്പോസൽ

14 (2011) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ടെൽക്ക്, ബി.ഐ.എഫ്. ആറിന് നൽകാനുള്ള പ്രൊപ്പോസൽ ഏത് ഏജൻസിയെ കൊണ്ടാണ് തയ്യാറാക്കിയത് ; ഇതിന് എത്ര രൂപ ചെലവായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടെൽക്കിൽ ജീവനക്കാർക്ക് നിലവിൽ മെഡിക്കൽ സ്കീം നിലവിലിരിക്കെ ഏതെങ്കിലും സ്വകാര്യ ഏജൻസിയെ കൊണ്ട് തൊഴിലാളികളുടെ മെഡിക്കൽ പരിശോധന നടത്തുന്നുണ്ടോ ; ഇതിന് എത്ര രൂപയാണ് ഫീസായി ഈടാക്കുന്നത് ; ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ;

(സി) ടെൽക്കിൽ ദിവസവേതനത്തിൽ ആളെ എടുക്കുന്നത് എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേനയാണോ ; എത്ര രൂപയാണ് ദിനംപ്രതി കൂലിയായിട്ട് നൽകി വന്നിരുന്നത് ; ഇപ്പോൾ ദിവസവേതനം എത്രയാണ് ; ഏത് ഏജൻസിയാണ് ദിവസവേതനക്കാരെ നൽകുന്നത് ; എന്നുമുതലാണ് ദിവസ വേതനം ഉയർത്തിയത് ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനരീതി മാറ്റാൻ കാരണം എന്താണ് ;

(ഡി) ടെൽക്കിൽ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ പണം ഇല്ലാത്ത സാഹചര്യത്തിൽ പതിനായിരങ്ങൾ മുടക്കി കമ്പനി മോടിപിടിപ്പിക്കുന്നത് എന്ത് ഉദ്ദേശം വച്ചാണ് ; എത്ര രൂപയാണ് മോടി പിടിപ്പിക്കുന്നതിന് ചെലവ് വരിക എന്ന് കണക്കാക്കിയിരിക്കുന്നത് ;

(ഇ) ടെൽക്കിലെ തൊഴിലാളികളുടെ ക്യാന്റീൻ സൗകര്യങ്ങൾ വെട്ടി ചുരുക്കിയതിന്റെ ഫലമായി എന്തു തുകയാണ് ലാഭം പ്രതീക്ഷിക്കുന്നത് ; ക്യാന്റീൻ സൗകര്യങ്ങൾ വെട്ടിക്കുറച്ച നടപടി റദ്ദാക്കുമോ ;

(എഫ്) ടെൽക്കിലെ അംഗീകൃത ട്രേഡ് യൂണിയനുകൾ എല്ലാം ക്യാന്റീൻ സൗകര്യം വെട്ടിക്കുറച്ച നടപടി അംഗീകരിച്ചിട്ടുണ്ടോ ; ഏതൊക്കെയാണ് അംഗീകൃത ട്രേഡ് യൂണിയനുകൾ എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ടെൽക്ക് ലിമിറ്റഡ്, ബി.ഐ.എഫ്. ആറിന് നൽകാനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് കമ്പനിയുടെ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്ത 'ജംപാനി ആന്റ് കോട്ടേല' എന്ന സ്ഥാപനത്തേയാണ് ചുമതലപ്പെടുത്തിയത്. ഇതിനുള്ള ഫീസ് നാല് ലക്ഷം രൂപയാണ്.

(ബി) ടെൽക്കിൽ 45 വയസ്സിൽ കൂടുതൽ ഉള്ള എല്ലാ തൊഴിലാളികളെയും കമ്പനിയിൽ തന്നെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കാൻ തീരുമാനിച്ചു. ഇതിനായി എറണാകുളത്തെ 'ഡോക്ടേഴ്സ് ഡയഗ്നോസ്റ്റിക് സെന്റർ' എന്ന സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിന് 81,600 രൂപയാണ് ആകെ ചെലവ്.

(സി) ടെൽക്കിൽ ദിവസവേതനത്തിന് ആളെ എടുക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആളെ കിട്ടാൻ താമസം നേരിടുമ്പോഴും ചില അത്യാവശ്യ ജോലികൾക്ക് കൂടുതൽ ആളെ പെട്ടെന്ന് ആവശ്യമായി വരുമ്പോഴും അംഗീകൃത കോൺട്രാക്ടർ വഴിയും ആളെ എടുക്കാറുണ്ട്. നിലവിലുള്ള നിയമങ്ങൾ പ്രകാരം ഒരു ക്ലാസ് ഫോർ ജീവനക്കാരന് ദിവസ ശമ്പളം 120 രൂപയും, അതിനു 10% പി.എഫ്.,

LIBRARY ARCHIVES Kerala Legislative Assembly

4.75% ഇ.എസ്.ഐ. വിഹിതം, ക്യാറ്റീൻ ഭക്ഷണം അടക്കം 155 രൂപ ചെലവ് വരുന്നുണ്ട്. കോൺട്രാക്ടർ വഴി വരുന്ന ഒരാൾക്ക് ദിവസകൂലി 130 രൂപയും, 6.5% ഇ.എസ്.ഐ. വിഹിതവും, 4% കോൺട്രാക്ടറുടെ വിഹിതവും അടക്കം 143 രൂപ 65 പൈസ ചെലവ് വരും. ഇവർക്ക് കാന്റീൻ ഭക്ഷണം കൊടുക്കേണ്ടതില്ല. 5-5-2000 മുതലാണ് ഇത് നടപ്പിൽ വന്നത്. ഇവരെ നൽകുന്നത് ടെൽക്കിന്റെ അംഗീകൃത കോൺട്രാക്ടർമാരാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനരീതി മാറ്റിയിട്ടില്ല.

(ഡി) കേരള ഫാക്ടറീസ് റൂൾസ് പ്രകാരം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലവും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടതുണ്ട്. കൂടാതെ ധാരാളം കയറ്റുമതി ഓർഡർ കിട്ടുന്ന സ്ഥാപനമെന്ന നിലയിൽ പല വിദേശികളും ഉന്നത വ്യക്തികളും കമ്പനിയിൽ സന്ദർശനം നടത്താറുണ്ട്. ആയതിനാൽ കമ്പനി പരിസരവും വഴികളും ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ വൃത്തിയാക്കിയിട്ടുണ്ട്. ഇതിലേയ്ക്ക് 26,688 രൂപ ചെലവായിട്ടുണ്ട്.

(ഇ) ചെലവ് ചുരുക്കലിന്റെ ഭാഗമായി കമ്പനി ക്യാന്റീനിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങൾ വഴി പ്രതിമാസം മൂന്ന് ലക്ഷം രൂപ ലാഭം പ്രതീക്ഷിക്കുന്നുണ്ട്. ഈ നടപടികൾ റദ്ദാക്കാൻ ഉദ്ദേശിക്കുന്നില്ല.

(എഫ്) ടെൽക്കിലെ അംഗീകൃത യൂണിയനുകളിൽ ടെൽക്ക് എംപ്ലോയീസ് അസോസിയേഷൻ (എ.ഐ.ടി.യു.സി) ഒഴികെ ടെൽക്ക് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു.) ടെൽക്ക് വർക്കേഴ്സ് കോൺഗ്രസ്സ് (ഐ.എൻ.ടി.യു.സി.) ടെക്നിക്കൽ എംപ്ലോയീസ് അസോസിയേഷൻ ഓഫ് ടെൽക്ക് എന്നീ യൂണിയനുകൾ കമ്പനി ക്യാന്റീനിൽ വരുത്തിയ മാറ്റങ്ങളോട് പൂർണ്ണയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

കെ.എ.എൽ-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നവർ

15 (2012) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.എൽ.-ൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഏതെല്ലാം തസ്തികകളിൽ ;

(സി) ഇവരെ ഡെപ്യൂട്ടേഷനിൽ നിയമിക്കാൻ അനിവാര്യമായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏഴുപേർ

(ബി) ജനറൽ മാനേജർ (ഫൈനാൻസ്) ഓഫീസ് അസിസ്റ്റന്റ്, മെഷീനിസ്റ്റ്, മെക്കാനിക്ക്, വർക് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ആണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാർ ജോലി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly